**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5547** **03-11-2021 - ൽ മറുപടിയ്ക്ക്**

**ആരോഗ്യ കിരണം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി യു പ്രതിഭ ,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ശാസ്ത്രീയ മാർഗ്ഗങ്ങളിലൂടെ ശിശു വൈകല്യങ്ങൾ ഇല്ലാതാക്കുന്നതിനായി ആരംഭിച്ച ശിശു വികസന കേന്ദ്രത്തിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | ശിശു വികസന കേന്ദ്രത്തിന്റെ (CDC) പ്രവർത്തനം 2017-ൽ വിലയിരുത്തുകയും ഈ കേന്ദ്രത്തിനെ മികവിന്റെ കേന്ദ്രമായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. കുട്ടികളുടെയും കൗമാരക്കാരുടെയും വളർച്ച, വികസനം എന്നിവയിലുള്ള ഗവേഷണം, പരിശീലനം, ക്ലിനിക്കൽ എന്നിവ അടിസ്ഥാനമാക്കിയായിരുന്നു വിലയിരുത്തൽ. കാലാകാലങ്ങളിൽ ഈ സ്ഥാപനത്തിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയും, ഗവേണിംഗ് ബോഡിയും പ്രവർത്തനം വിലയിരുത്തി വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകി വരുകയും ചെയ്യുന്നുണ്ട്. |
| (ബി) | ആരോഗ്യമുള്ള ഒരു യുവതലമുറയെ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ച പ്രസ്തുത കേന്ദ്രത്തിന്റെ സേവനങ്ങൾ വിശദമാക്കാമോ; | (ബി) | കുട്ടികളിലും കൗമാരക്കാരിലും ഉണ്ടാകുന്ന വളർച്ച, ബുദ്ധിവികാസം, സ്വഭാവരൂപീകരണം എന്നിവയിലുള്ള വ്യതിയാനം നേരത്തെ കണ്ടുപിടിക്കുകയും ചികിത്സിക്കുകയും ചെയ്യുന്നു. ഈ പ്രവർത്തനത്തിനു വേണ്ടിയുള്ള ഗവേഷണം, പരിശീലനം, ക്ലാസ്സുകൾ എന്നിവ നടത്തിവരുന്നു. ഇരുപതോളം സ്പെഷ്യാലിറ്റി ക്ലിനിക്കുകൾ, ജനറ്റിക് ആന്റ് മെറ്റബോളിക് ലബോറട്ടറി, ഫീറ്റൽ മെഡിസിൻ ക്ലിനിക്ക് എന്നിവ ഇവിടെ പ്രവർത്തിച്ചുവരുകയാണ്. മെഡിക്കൽ വിദ്യാർത്ഥികൾ, നേഴ്സിംഗ് വിദ്യാർത്ഥികൾ, ഐ.സി.ഡി.എസ് ലും, ആരോഗ്യ മേഖലയിലും പ്രവർത്തിക്കുന്നവർ എന്നിവർക്കു വേണ്ടിയുള്ള പരിശീലനം നൽകി വരുന്നു. മാതാപിതാക്കൾക്കും, പരിശീലനത്തിനെത്തുന്നവർക്കും വേണ്ടി പലതരത്തിലുള്ള ലഘുലേഖകളും, കൈപുസ്തകങ്ങളും ലഭ്യമാക്കുന്നുണ്ട്. |
| (സി) | ജനനം മുതൽ പതിനെട്ട് വയസ്സ് വരെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സയും അനുബന്ധ | (സി) | ജനനം മുതൽ 18 വയസ്സ് വരെയുള്ള കുട്ടികൾക്ക് ജീവൻ സുരക്ഷാപ്രാധാന്യമുള്ള എല്ലാ രോഗങ്ങൾക്കും |

| | | | |
|---|---|---|---|
| | വൈദ്യ സേവനങ്ങളും ലഭ്യമാക്കുന്നതിനായി ആരംഭിച്ച ആരോഗ്യ കിരണം പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | | ചികിത്സാ സഹായം സർക്കാർ ആശുപത്രികൾ മുഖേന തികച്ചും സൗജന്യമായി നൽകുന്ന കേരള സർക്കാരിന്റെ പദ്ധതിയാണ് ആരോഗ്യകിരണം. രാഷ്ട്രീയ ബാൽ സ്വാസ്ഥ കാര്യക്രം പദ്ധതി (ആർ.ബി.എസ്.കെ) പ്രകാരം ചികിത്സാ സഹായം ലഭിക്കുന്ന 30 രോഗങ്ങൾ ഒഴികെയുള്ള ജീവൻ രക്ഷാ പ്രാധാന്യമുള്ള എല്ലാ രോഗങ്ങൾക്കും ആരോഗ്യകിരണം പദ്ധതിയിലൂടെ ചികിത്സാ സഹായം ലഭിക്കുന്നതാണ്. എ.പി.എൽ/ ബി.പി.എൽ വ്യത്യാസമില്ലാതെ ഈ പ്രായത്തിനുള്ളിലുള്ള എല്ലാവരും തന്നെ ആരോഗ്യകിരണം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. ആദായ നികുതി ദായകർക്കും സർക്കാർ/ പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാർക്കും അവരുടെ ആശ്രിതർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുകയില്ല. |

സെക്ഷൻ ഓഫീസർ